"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ്- കല്ലുമല റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുത്തതിനോടനുബന്ധിച്ച് എൽഎ.ആർ. 66/2024 കേസിലെ വിധി തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.602/2026/PWD തിരുവനന്തപുരം, തീയതി 02-06-2026

---

പരാമർശം:- നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 08.05.2026 തീയതിയിലെ CEPWD/8931/2026-FR8-PWD നം. കത്ത്.

**<u>ഉത്തരവ്</u>**

കല്ലുമല റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുത്തതിനോടനുബന്ധിച്ച് എൽഎ.ആർ. 66/2024 കേസിലെ വിധി തുക അനുവദിക്കുന്നതിനായി 58,46,849/- രൂപ 5054-04-337-80-P-C എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കല്ലുമല റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുത്തതിനോടനുബന്ധിച്ച് എൽ.എ.ആർ.66/2024 നമ്പർ കേസിലെ വിധി തുക അനുവദിക്കുന്നതിനായി 58,46,849/-(അൻപത്തിയെട്ട് ലക്ഷത്തി നാൽപ്പത്തിയാറായിരത്തി എണ്ണൂറ്റി നാൽപ്പത്തിയൊൻപത് രൂപ മാത്രം) രൂപയുടെ ഭരണാനുമതി, അധിക തുക തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയോടെ, അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക 5054-04-337-80-P-C എന്ന ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷത്തിൽ വകയിരുത്തിയ തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിത എം

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം)

ജില്ലാ കളക്ടർ, ആലപ്പുഴ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&.ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ), ഐ.&പി.ആർ.ഡി.

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
സെക്ഷൻ ഓഫീസർ
Date: 02-06-2026 10:31:54